പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.4555

29.06.2012 ൽ

മറുപടി നല്കേണ്ടിയിരുന്നത്

## ദേശീയ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെഭാഗമായി ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ എത്ര ജീവനക്കാരാണ് ഉളളത്; വിശദാംശം നൽകാമോ ; | എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെഭാഗമായി ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ഓഫീസുകളിലായി 522 അക്രഡിറ്റഡ് എഞ്ചിനീയർമാർ, 967 ഓവർസിയർമാർ, 1549 അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരും ജില്ലകളിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരുടെ ഓഫീസുകളിലായി 14 ഐ.ടി. പ്രൊഫഷണൽമാർ, 14 അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരും കരാർ അടിസ്ഥാനത്തിൽ പ്രവർത്തിയെടുക്കുന്നുണ്ട്. |
| ബി) | ഇവരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ? | ബി) | തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. ജി.ഒ (ആർ.റ്റി) നം.2922/2011/തസ്വഭവ തീയതി: 09.12.2011 സർക്കാർ ഉത്തരവ് പ്രകാരം, ഗ്രാമ/ബ്ലോക്ക്/ ജില്ലകളിലെ കരാർ ജീവനക്കാരുടെ വർദ്ധിപ്പിച്ച പ്രതിമാസവേതനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ഐ.ടി പ്രൊഫഷണൽ (ജില്ലാതലം മാത്രം) | 15,000/-(രൂപയിൽ) |
| അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 10,000/-(രൂപയിൽ) |
| അക്രഡിറ്റഡ് എഞ്ചിനീയർ | 12,000/-(രൂപയിൽ) |
| ഓവർസിയർ | 10,000/-(രൂപയിൽ) |

സെക്ഷൻ ഓഫീസർ